ഉത്തരം

(എ&ബി) എലത്തൂർ നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി റോഡ്സ്, ബിൽഡിംഗ്സ് വിഭാഗങ്ങളിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെയും അവയിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

എലത്തൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

284(3171) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പ് കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) ഇതിലേതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും ഇനി ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പ് കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെയും അതിൽ പൂർത്തീകരിച്ചതും ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

തുക്കരിൽ ഗവ.പോളിടെക്നിക്

285(3172) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ തൃക്കരിൽ ഗവ.പോളിടെക്നിക് കോളേജിൽ വർഷങ്ങളായി മുടങ്ങിക്കിടന്നിരുന്ന കെട്ടിടങ്ങളുടെ നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി നൽകി മാസങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി പുനരാരംഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ ഗവ. പോളിടെക്നിക് കോളേജിൽ വർഷങ്ങളായി മുടങ്ങിക്കിടന്നിരുന്ന കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് വേണ്ടി 723 ലക്ഷം രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതിക അനുമതി നൽകി പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

റോഡുകളിൽ ബസ് ഷെൽട്ടറുകൾ

286(3173) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മുഴുവൻ പി.ഡബ്ല്യു.ഡി റോഡുകളിലും ബസ് ബേ/ ഷെൽട്ടറുകൾ നിർമ്മിക്കുവാനായി ആരംഭിച്ച 'പ്രതീക്ഷ' നാളിതുവരെ ഏതെങ്കിലും പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടോ;

(ബി) പ്രതീക്ഷയെ സർക്കാർ അക്രെഡിറ്റഡ് ഏജൻസി ആയി അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത സംരംഭത്തിന്റെ പ്രവർത്തനത്തിനായി എത്ര തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്?

ഉത്തരം

(എ) പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 7-8-2015-ലെ G.O.(P) 339/15/Fin ഉത്തരവുപ്രകാരം എസ്.പി.വി. വിഭാഗത്തിൽ ഉൾപ്പെടുത്തി പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡിനെ അക്രെഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചിട്ടുണ്ട്.

(സി) പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സിന്റെ പ്രവർത്തനത്തിനായി 2013-14-ലെ ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കുന്നംകുളം മുതൽ കടവല്ലൂർ വരെയുള്ള റോഡ് നിർമ്മാണം

287(3174) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ, കുറ്റിപ്പുറം പി.ഡബ്ല്യു.ഡി. റോഡിലെ കുന്നംകുളം മുതൽ കടവല്ലൂർ വരെയുള്ള ഭാഗത്തിൽ റോഡ് നിർമ്മാണത്തിലെ അശാസ്ത്രീയതകൊണ്ടും വർദ്ധിച്ച വാഹന തിരക്കുകൊണ്ടും വാഹന അപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റോഡ് വീതികൂട്ടി ടാർ ചെയ്ത് ഡിവൈഡർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly